# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1971

## 08.03.2017 - ലെ മറുപടിയ്ക്ക്

## ട്രഷറികളുടെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ. നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ. ബി. ഗണേഷ് കുമാർ | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | കേരളത്തിലെ ട്രഷറികളിൽ മെച്ചപ്പെട്ട സൗകര്യമൊരുക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ; | സംസ്ഥാനത്തെ ട്രഷറികളുടെ ആധുനികവൽക്കരണം പ്രധാനമായും രണ്ട് മേഖലകളിലായാണ് നടന്നു വരുന്നത്.<br>**(1) ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം**<br>(i) സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (ഐ.എഫ്.എം.എസ്) നടപ്പിലാക്കിവരുന്നു.<br>(ii) വിവര സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ഐ.എഫ്.എം.എസ്. ന്റെ ലക്ഷ്യം.<br>(iii) ട്രഷറി അക്കൗണ്ടുടമകൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം, യൂട്ടിലിറ്റി പേയ്മെന്റിനുള്ള സൗകര്യം, ബാങ്കുകളുമായി സഹകരിച്ച് എ.റ്റി.എം. സൗകര്യം കൂടാതെ മൊബൈൽ ആപ്ലിക്കേഷൻ എന്നിവ ട്രഷറി സേവിംഗ്സ് ബാങ്കിൽ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ |

| | | |
|---|---|---|
| | | സജീവ പരിഗണനയിലാണ്.<br>(iv) മുൻകൂട്ടി സേവനങ്ങൾ ബുക്ക് ചെയ്യുന്നതിനുള്ള വെർച്ചൽ ക്യൂ സംവിധാനവും ഭാവി വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>**(2) അടിസ്ഥാന സൗകര്യ വികസനം**<br>(i) സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഈ പദ്ധതിയുടെ ഭാഗമായി ട്രഷറികളിൽ ആധുനിക ഓഫീസ് സംവിധാനത്തിന്റെ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു.<br>(ii) എല്ലാ ട്രഷറികളും ഇടപാടുകാർക്ക് സൗകര്യപ്രദമായ രീതിയിലുള്ള വിശ്രമസ്ഥലവും വിവിധ സേവനങ്ങളെക്കുറിച്ച് അവബോധവും സേവനങ്ങളും നൽകുന്ന തരത്തിലുള്ള ഫ്രണ്ട് ഓഫീസുകളും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ട്രഷറികളെ ബന്ധിപ്പിച്ച് എ.ടി.എം. സ്ഥാപിക്കാനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ ; | നാല് ട്രഷറികളെ ബന്ധിപ്പിച്ച് എ.ടി.എം. സ്ഥാപിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു.(സ.ഉ.(കൈ)10460/12/ധന തിരുവനന്തപുരം തീയതി 14.12.2012). എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന സ്റ്റാന്റ് എലോൺ എ.ടി.എം. കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന് കണ്ടെത്തി സർക്കാർ ഈ ശ്രമം ഉപേക്ഷിച്ചു. ട്രഷറി സേവിംഗ്സ് ബാങ്കിൽ ഇ-ട്രഷറി ഇന്റഗ്രേറ്റഡ് ബാങ്കുമായി സഹകരിച്ച് എ.ടി.എം. കാർഡ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ട്രഷറികളിലെ ബാങ്കിംഗ് സേവനം കൂടുതൽ ആകർഷകമാക്കാൻ ചെയ്യാനുദ്ദേശിക്കുന്ന | ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകൾക്ക് കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതോടു കൂടി |

| | | |
|---|---|---|
| | പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ ; | ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഏതു ട്രഷറിയിൽ നിന്നും പണം പിൻവലിക്കാം, ഏതു ട്രഷറി മുഖേനയും പണം നിക്ഷേപിക്കാം, ഏതു ട്രഷറിയിലുള്ള നിക്ഷേപത്തിന്റെയും പലിശ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യാൻ കഴിയുന്നതുമാണ്. നെറ്റ് ബാങ്കിംഗ് സൗകര്യം, യൂട്ടിലിറ്റി പേയ്മെന്റിനുള്ള സൗകര്യം, മൊബൈൽ ആപ്ളിക്കേഷൻ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | ഇതര സംസ്ഥാനങ്ങളിലെ ട്രഷറികളിലെ മെച്ചപ്പെട്ട സംവിധാനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇൻഡ്യയിലെ സംസ്ഥാനങ്ങളുടെ ട്രഷറി നവീകരണം കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പൊതുവിൽ നടപ്പിലാക്കി വരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങളാണ് എല്ലാ സംസ്ഥാനങ്ങളിലെ ട്രഷറികളുടെ നവീകരണങ്ങളിലും അടിസ്ഥാന പ്രമാണമായി സ്വീകരിച്ചിട്ടുള്ളത്. അതോടൊപ്പം അതാത് സംസ്ഥാനങ്ങളിലെ ഇടപാടുകളുടെ പ്രത്യേകതകൾ കണക്കിലെടുത്തുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ലഭ്യമായതിൽ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യയുടെ സഹായത്തോടു കൂടി ഇടപാടുകാർക്ക് ലളിതവും സുതാര്യവുമായ പണമിടപാടുകൾ നടത്തുവാൻ തക്കവിധത്തിലാണ് കേരളത്തിൽ ഐ.എഫ്.എം.എസ്. നടപ്പിലാക്കിയത്. ലഭ്യമായ വിവരമനുസരിച്ച് ഇൻഡ്യയിലെ മിക്ക മറ്റ് സംസ്ഥാന ട്രഷറികളിലും ഐ.എഫ്.എം.എസ്. ന്റെ നടപ്പിലാക്കൽ കേരളത്തെപ്പോലെ പൂർണ്ണതയിൽ എത്തിയിട്ടില്ല എന്നാണ് കാണുന്നത്. മാത്രവുമല്ല, അതത് സംസ്ഥാനങ്ങളിലെ ഐ.എഫ്.എം.എസ്. ൽ സ്വീകരിച്ചിട്ടുള്ള ഇടപാടുകളുടെ ക്രമീകരണവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ |

| | | |
|---|---|---|
| | | ഐ.എഫ്.എം.എസ്. സംവിധാനം മികച്ചതാണെന്ന് പറയാവുന്നതാണ്. |
| (ഇ) | എങ്കിൽ അത്തരം പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ ; | ബാധകമല്ല. |

സെക്ഷൻ ഓഫീസർ